നടപടികളും സ്വീകരിച്ചിട്ടുണ്ട്. അവർക്ക് ആവശ്യമായ ഉപദേശവും ധന കാര്യസ്ഥാപനങ്ങളിൽ നിന്ന് ധനസഹായവും ലഭ്യമാക്കാൻ വേണ്ടിയുള്ള നടപടികളും ഗവൺമെന്റ് വളരെ വേഗത്തിൽ സ്വീകരിച്ചുവരികയാണ്.

ശ്രീ. കെ. ഇ. ഇസ്മയിൽ: സ്വയം തൊഴിൽ കണ്ടെത്താനും വളരെ രൂക്ഷമായ തൊഴിലില്ലായ്മ പരിഹരിക്കാനും വേണ്ടിയാണ് ഈ പരിപാടി. ആ പ്രതിസന്ധി നേരിടുന്ന നമ്മുടെ സംസ്ഥാനത്തിൽ 73 സ്കൂളുകളിൽ ഇത് നടപ്പിലാക്കി നമ്മുടെ സംസ്ഥാനത്തെ ഈ പ്രശ്നം പരിഹരിക്കാൻ കഴിയുകയില്ല. അതുകൊണ്ട് ഗവൺമെന്റ് മാറ് എല്ലാറ്റിനേക്കാളും കൂടുതൽ താല്പര്യം എടുത്തുകൊണ്ട് തൊഴിലധിഷ്ഠിത വിദ്യാഭ്യാസം എന്നത് ഗവൺമെന്റിന്റെ നയമായി അംഗീകരിച്ച് അടിയന്തിരമായി എല്ലാ സ്കൂളുകളിലും അത് നടപ്പിലാക്കണം. കേന്ദ്രഗവൺമെന്റിന്റേയോ മറ് ഏതെങ്കിലും സ്ഥാപനത്തിന്റെയോ സഹായം സ്വീകരിച്ചുകൊണ്ട് ഇത് നടപ്പിലാക്കുന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ, ഉണ്ടെങ്കിൽ അതിന്റെ ഇപ്പോഴത്തെ പൊസിഷൻ എന്താണ്?

ശ്രീ. ടി.എം. ജേക്കബ്: 73 സ്കൂളുകളും ഹയർസെക്കണ്ടറി സ്കൂളുകളാണ്. നമ്മുടെ സംസ്ഥാനത്തുള്ള മിക്കവാറും എല്ലാ (രണ്ടായിരത്തിലേറെ) ഹൈസ്കൂളുകളിലും പ്രീ-വൊക്കേഷണൽ ട്രെയ്നിംഗ് ഏർപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്. പ്രീ വൊക്കേഷണൽ ട്രെയ്നിംഗിന് കുട്ടികളെ തൊഴിലുമായി പരിചയവും പരിശീലനവും കിട്ടുന്ന നിലയിലുള്ള സംവിധാനമാണ് ചെയ്തിട്ടുള്ളത്. പ്രധാന ചോദ്യത്തിന് മറുപടി പറഞ്ഞപ്പോൾ ഞാൻ അത് വിശദീകരിക്കുകയുണ്ടായി. ഹയർ സെക്കണ്ടറി സ്കൂളുകൾ കൂടുതലായിട്ട് നമ്മുടെ സംസ്ഥാനത്ത് ആരംഭിക്കാനുള്ള നടപടികളും സ്വീകരിച്ചുവരികയാണ്.

(ii) രേഖാമൂലം നൽകുന്ന ഉത്തരങ്ങൾ

നിലത്തെഴുത്താശാൻമാർ

*498 [530] ശ്രീ. എ. വി. താമരാക്ഷൻ:
,, ഏ. സി. ഷൺമുഖദാസ്:
,, ബേബിജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവകുപ്പുമന്ത്രി സ്നേഹപൂർവം മറുപടി നല്കുമോ:

(എ) കേരളത്തിൽ ആകെ എത്ര നിലത്തെഴുത്ത് ആശാൻമാർ ഉണ്ട്;

(ബി) അവരുടെ പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയമിക്കപ്പെട്ട ശ്രീധരൻ കമ്മീഷൻ റിപ്പോർട്ട് ഗവൺമെന്റിന് ലഭിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ശ്രീധരൻ കമ്മീഷൻ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ എന്തൊക്കെയാണ്;

(ഡി) റിപ്പോർട്ടിലെ ശുപാർശകൾ നടപ്പിലാക്കുന്നതിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വെളിപ്പെടുത്താമോ?

വിദ്യാഭ്യാസവകുപ്പുമന്ത്രി (ശ്രീ. ടി. എം. ജേക്കബ്):

(എ) ഏകദേശം മൂവായിരത്തോളം നിലത്തെഴുത്ത് ആശാൻമാർ ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഉണ്ട്.

(സി) താഴെ പറയുന്നവയാണ് ശ്രീധരൻ കമ്മീഷൻ റിപ്പോർട്ടിലെ പ്രധാന ശുപാർശകൾ:

(1) കുടിപ്പള്ളിക്കൂടം അതാതു പഞ്ചായത്തുകളിൽ രജിസ്റ്റർ ചെയ്യുക.

(2) ചില വ്യവസ്ഥകൾക്കു വിധേയമായി കുടിപ്പള്ളിക്കൂടം നടത്തുന്ന ആശാൻമാർക്ക് 100 രൂപാവീതം ഹോണറേറിയം നൽകുക.

(3) അനാരോഗ്യമോ വാർദ്ധക്യമോ നിമിത്തം തങ്ങളുടെ ജോലി മതിയാക്കിയ ആശാൻമാർക്ക് ചില വ്യവസ്ഥകൾക്കു വിധേയമായി പ്രതിമാസം 50 രൂപാ വീതം കൊടുക്കുക.

(4) ഈ റിപ്പോർട്ടുപ്രകാരം ആശാൻമാർക്ക് ഏതെങ്കിലും പ്രകാരത്തിലുള്ള ഹോണറേറിയം അനുവദിക്കുന്നതുവരെ ചില പഞ്ചായത്തുകളും മുനിസിപ്പലിറ്റികളും അനുവദിച്ചിട്ടുള്ള സാമ്പത്തികസഹായം വിതരണം ചെയ്യുന്നതിനു ഉത്തരവു നൽകുക.

(5) പ്രീ-പ്രൈമറി അഡ്വൈസറി ബോർഡിൽ ആശാൻമാർക്ക് പ്രാതിനിധ്യം നൽകുക.

(6) കുടിപ്പള്ളിക്കൂടത്തിൽ പഠിക്കുന്ന കുട്ടികൾക്ക് കെയറിന്റെ ആഹാരസാധനങ്ങൾ കൊടുക്കുക.

(7) എസ്. എസ്. എൽ. സി. യും പ്രീഡിഗ്രിയും പാസായി ആശാൻമാരായി ജോലി ചെയ്യുന്നവർക്ക് റ്റി. റ്റി. സി. ക്കും നേഴ്സറി ട്രെയിനിംഗിനും പ്രത്യേകം കോട്ട അനുവദിക്കുക.

(8) യോഗ്യതയുള്ള ആശാൻമാർക്ക് അംഗനവാടിയിൽ നിയമനം അനുവദിക്കുക.

(ഡി) റിപ്പോർട്ടിലെ ശുപാർശകൾ ബന്ധപ്പെട്ട ഡിപ്പാർട്ടുമെൻറുകളുമായി ആലോചിച്ചു പരിശോധിച്ചുവരുന്നു.

സയൻസ് മ്യൂസിയം

* 499 [531] ശ്രീ. സി. ടി. അഹമ്മദ് അലി:
,, പി. കെ. കുഞ്ഞാലിക്കുട്ടി:
,, പി. കെ. കെ. ബാവ:
,, പി. എം. അബൂബക്കർ:
,, കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ആരംഭിച്ചിട്ടുള്ള സയൻസ് മ്യൂസിയത്തിൽ സജ്ജീകരിക്കുവാൻ ഉദ്ദേശിക്കുന്ന പ്രധാന ഘടകങ്ങൾ എന്തൊക്കെയാണ്;

(ബി) ഇതിനകം അതിൽ എന്തെല്ലാം സജ്ജീകരിക്കപ്പെട്ടു;

(സി) സയൻസ് മ്യൂസിയത്തിന്റെ പ്രധാനപ്പെട്ട മറ്റു പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

LIBRARY ARCHIVES Kerala Legislative Assembly